2007-08	സുനാമി പുനരധിവാസ പദ്ധതി	8,12,138.00
2009-10	മത്സ്യകേരളം പദ്ധതി	15,75,184.00
2009-10	പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി	11,11,339.00

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) അന്ധകാരനഴി ഒരു ഫിഷിംഗ് ഹാർബറിന് അനുയോജ്യമല്ലെന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂരിലെ CICEF (Central Institute of Coastal Engineering for Fishery) പഠനം നടത്തി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഫിഷിംഗ് ഹാർബറിന്റെ ഭാഗമായി അന്ധകാരനഴിയിൽ പുലിമുട്ട് നിർമ്മാണത്തിനുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) അന്ധകാരനഴി ബീച്ച് വികസനം റ്റി. ആർ. പി. ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രധാന ഇനങ്ങളായ ആക്ഷൻ ഹാൾ, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. 2010 ഒക്ടോബർ മാസത്തോടെ പ്രവൃത്തി പൂർത്തിയാകും. അതോടൊപ്പം തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെറിയപുലി മുട്ടോടു കൂടിയ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

214 (4838) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ വർഷം അവസാനിക്കുമ്പോൾ ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ഏതൊക്കെ പദ്ധതികളുടെ പണിയാണ് പൂർത്തീകരിക്കാനുള്ളത് ;

(ഡി) ഈ പുനരധിവാസ പദ്ധതികൾക്കായി ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 45.25 കോടി രൂപയുടെ സുനാമി അടിയന്തര സഹായ പദ്ധതി 2009 ഒക്ടോബർ 31-ന് പൂർത്തീകരിച്ചു. സുനാമി പുനരധിവാസ പദ്ധതി 2010 ഡിസംബർ 31-നും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടുള്ള പദ്ധതികൾ 2010 സെപ്റ്റംബർ 30-നും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 34 ഉപ പദ്ധതികളിൽ 19 എണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി പദ്ധതിയിൽ 5 ഉപ പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിച്ചു.

(സി) ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) സുനാമി അടിയന്തര സഹായ പദ്ധതിയിൽ 45.25 കോടി രൂപയും, സുനാമി പുനരധിവാസ പദ്ധതിയിൽ 12.78 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള ധനസഹായ പദ്ധതിയിൽ 10.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾ

215 (4839) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾ ലഭ്യമാക്കുക എന്ന പദ്ധതിയിൻകീഴിൽ ഈ സർക്കാർ ഇതുവരെ എന്തൊക്കെ കർമ്മപരിപാടികളാണ് നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്കായി ഇതുവരെ എത്ര കോടി രൂപയാണ് ചെലവഴിച്ചത് ;

(സി) ഈ പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളായി നൽകുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം മോശമായതിനാൽ ഇവ പലർക്കും ഉപയോഗിക്കാൻ സാധിക്കാതെ പോയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം ജീവനോപാധി ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഗുണനിലവാരം കുറഞ്ഞ ഉപകരണങ്ങൾ നൽകുന്നത് തടയാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly